## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3425

12.12.2014 ലെ
മറുപടിയ്ക്ക്

### ദേശീയ ന്യൂനപക്ഷ കമ്മീഷനംഗത്തിൻെറ കേരള സന്ദർശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഹംസ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിന്റെ ചുമതലയുള്ള ദേശീയ ന്യൂനപക്ഷ കമ്മീഷനംഗം എന്നാണ് കേരളം സന്ദർശിച്ചത്; ഏതെല്ലാം ഔദ്യോഗിക പരിപാടികളിൽ സംബന്ധിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (എ) **19.11.2014**<br>1. 20.11.2014-ൽ രാവിലെ 10 മണിമുതൽ 11 മണിവരെ ബഹു.ന്യൂനപക്ഷ ക്ഷേമവും/നഗര കാര്യവും മന്ത്രിയുമായി തിരുവനന്തപുരം സെക്രട്ടേറിയറ്റിലെ സൗത്ത് സാൻവിച്ച് ബ്ലോക്കിൽ വച്ച് കൂടിക്കാഴ്ച നടത്തി.<br>2. 11.30 മണിമുതൽ ശ്രീ. ഇ.കെ. ഭരത് ഭൂഷൺ, ചീഫ് സെക്രട്ടറിയുമായി സെക്രട്ടേറിയറ്റിൽ വച്ച് കൂടിക്കാഴ്ച നടത്തി.<br>3. ഉച്ചയ്ക്ക് 12 മണിയ്ക്ക് തിരുവനന്തപുരം ജില്ലാകളക്ടറായ ശ്രീ. ബിജുപ്രാഭാകറുമായി ജില്ലാകളക്ടറേറ്റിൽ വച്ച് കൂടിക്കാഴ്ച നടത്തി.<br>4. വൈകിട്ട് 3 മണിയ്ക്ക് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർമാനായ അഡ്വ. എം.വീരാൻകുട്ടിയുമായും കമ്മീഷൻ അംഗങ്ങളുമായും കൂടിക്കാഴ്ച നടത്തി.<br>5. വിമൺസ് മുസ്ലീം അസോസിയേഷനുമായി തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തി.<br>6. 21.11.2014-ന് 11 മണിയ്ക്ക് എറണാകുളം ജില്ലാ കളക്ടറുമായി കളക്ടറേറ്റിൽ വച്ച് കൂടിക്കാഴ്ച നടത്തി.<br>7. 22.11.2014- ഉച്ചയ്ക്ക് 1 മണിയ്ക്ക് വയനാട് ജില്ലാകളക്ടറുമായി മീററിംഗ് നടത്തി. ബഹുമുഖ പദ്ധതികൾ നടപ്പിലാക്കുന്ന പ്രദേശങ്ങളായ പാടിച്ചിറ കുടിവെള്ള പദ്ധതി, ബത്തേരി താലൂക്ക് ഹോസ്പിറ്റൽ, പ്രാഥമിക ആരോഗ്യ സബ്സെന്റർ എന്നിവിടങ്ങളിൽ അവർ സന്ദർശനം നടത്തി. |

(ബി) ന്യൂനപക്ഷ ക്ഷേമങ്ങൾക്കായുള്ള പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ; ഇതിന് നേതൃത്വം നൽകുന്നത്ആരാണ്;

(ബി) പ്രധാന മന്ത്രിയുടെ 15 ഇന പരപാടിയുടെ ഭാഗമായുള്ള വിവിധ പദ്ധതികൾ വിവിധ വകുപ്പുകൾ വഴി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന സ്വീകരിച്ച നടപടി വിവരണങ്ങൾ താഴെ ചേർക്കുന്നു.

1. <u>ഉറുദു ഭാഷാ പഠനം.</u>

2012–2013– വർഷത്തെ എസ്.എസ്. എൽ.സി പരീക്ഷയിൽ ഉറുദു ഐശ്ചിക വിഷയമായെടുത്ത് എല്ലാവിഷയങ്ങൾക്കും എ+ നേടിയ സംസ്ഥാനത്തെ 78 വിദ്യാർത്ഥികൾക്ക് 1000 രൂപ കാഷ് അവാർഡ് നൽകിയിട്ടുണ്ട്. ഉറുദു ഭാഷയുടെ പരിപോഷണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഉറുദു അക്കാദമി സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ച വരികയാണ്.

2. <u>മൗലാന ആസാദ് ഫൗണ്ടേഷൻ മുഖേനെയുള്ള വിദ്യാഭ്യാസ പദ്ധതികളുടെ നവീകരണം.</u>

ഈ ഫൗണ്ടേഷന്റെ വിവിധ പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

3. <u>സംസ്ഥാന– കേന്ദ്ര സർവ്വീസുകളിലെ നിയമനം.</u>

സംസ്ഥാന– കേന്ദ്ര സർക്കാർ/ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ന്യൂനപക്ഷ ജന വിഭാഗങ്ങളുടെ പ്രാതിനിധ്യം ആനുപാതികമായി നില നിർത്തുന്നതിന് സഹായകമായിട്ടുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. ഇതിലേയ്ക്കായി സംസ്ഥാനത്തൊട്ടാകെ വിവിധ മത്സര പരീക്ഷകൾക്കായുള്ള സൗജന്യ പരിശീലനക്ലാസ്സുകൾക്ക് വേണ്ടി സജ്ജീകരിച്ചിട്ടുള്ള മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രങ്ങളിലൂടെ ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് വേണ്ട പരിശീലനം നൽകി വരുന്നു. സംസ്ഥാനത്ത് ഇതിനകം തന്നെ 16 പരിശീലന കേന്ദ്രങ്ങളും 21 ഉപകേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്.

4. <u>മദ്രസ്സ നവീകരണ പദ്ധതികൾ</u>

മദ്രസ്സ അദ്ധ്യാപകരുടെ സാമൂഹിക-സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി ആവിഷ്കരിച്ചു. മദ്രസ്സ അദ്ധ്യാപകരുടെ മക്കൾക്ക് വിദ്യാഭ്യാസ ഗ്രാന്റ് / വിവാഹ ധനസഹായ പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

5. <u>ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കായുള്ള സ്കോളർഷിപ്പുകൾ</u>

പ്രധാന മന്ത്രിയുടെ 15 ഇന പരിപാടിയുടെ ഭാഗമായുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട

സമർത്ഥരായ വിദ്യാർത്ഥികൾക്ക് വിവിധ വകുപ്പുകൾ മുഖേനെ നൽകി വരുന്ന സ്കോളർഷിപ്പുകളിൽ പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേനെയുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ് വഴി നടപ്പാക്കുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കി വരുന്ന മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് നൽകി വരുന്നു. പ്രധാനമന്ത്രിയുടെ 15 ഇന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയും ജില്ലാതലത്തിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനായ ജില്ലാതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികളുടെ ത്രൈമാസ പുരോഗതി റിപ്പോർട്ട് കേന്ദ്രഗവണ്മെന്റിന് അയച്ചുകൊടുക്കാറുണ്ട്.

(സി) ദേശീയ ന്യൂനപക്ഷ കമ്മീഷനോട് കേരളം എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(സി)
1. കേന്ദ്ര ബഡ്ജറ്റിൽ സബ്പ്ലാനിൽ ഉൾപ്പെടുത്തി ന്യൂനപക്ഷ മന്ത്രാലയത്തിന് തുക അനുവദിക്കുക.
2. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് ഡിമാന്റ് ഡ്രൈവ് അടിസ്ഥാനത്തിൽ അനുവദിക്കുക.
3. സംസ്ഥാനത്ത് നിന്നും കൂടുതൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾ ബഹുമുഖ വികസന പദ്ധതിയിൽ ഉൾപ്പെടുത്തുക.
4. ന്യൂനപക്ഷ മന്ത്രാലയത്തിന്റെ നിർദ്ദേശം അനുസരിച്ച് സമർപ്പിക്കപ്പെട്ട 376 ന്യൂനപക്ഷ കേന്ദ്രീകൃത ക്ലസ്റ്റർ വില്ലേജുകളിന്മേൽ അടിയന്തിരമായി തീരുമാനം എടുക്കുക.

(ഡി) ന്യൂനപക്ഷ കമ്മീഷന്റെ കേരളത്തെ സംബന്ധിച്ച നിഗമനം എന്തെല്ലാമായിരുന്നു എന്ന് വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ?

(ഡി) ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ നിഗമന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ